# കേരള സർവകലാശാല

നം.പി.ആർ.73 /2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### കേരള സർവകലാശാല പരീക്ഷകൾ മെയ് രണ്ടാം വാരം മുതൽ

കോവിഡ് – 19 ന്റെ വ്യാപനം തടയുന്നതിന്റെ ഭാഗമായി നിർത്തിവെച്ച സർവകലാശാല പരീക്ഷകൾ മെയ് രണ്ടാം വാരം മുതൽ പുനരാരംഭിക്കാൻ സാധിക്കുമെന്ന് ഏപ്രിൽ 22 ന് വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ ചേർന്ന പരീക്ഷ മോണിറ്ററിംഗ് സമിതി തീരുമാനിച്ചു. പരീക്ഷകൾ പുനരാരംഭിക്കാൻ പരിയാപ്തമായ പരീക്ഷാ കലണ്ടറിന് സമിതി രൂപം നൽകിയിട്ടുണ്ട്. നിലവിലെ ലോക്ക് ഡൌൺ പിൻവലിച്ചതിനു ശേഷം പൊതു ഗതാഗത സംവിധാനങ്ങൾ പുനസ്ഥാപിക്കപ്പെടുന്ന മുറയ്ക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഉത്തരവുകൾക്ക് അനുസൃതമായി മാത്രമേ പരീക്ഷാത്തീയതികൾ പ്രഖ്യാപിക്കുകയുള്ളു. മുഴുവൻ പരീക്ഷകളും കഴിഞ്ഞയുടൻതന്നെ സമയബന്ധിതമായി മൂല്യനിർണയം പൂർത്തിയാക്കുനതിനുള്ള നടപടികൾക്കും കമ്മിറ്റി രൂപരേഖ തയാറാക്കിയിട്ടുണ്ട്. ലോക്ക് ഡൌൺ പിൻവലിച്ചതിനു ശേഷം ആരോഗ്യ വകുപ്പ് നിഷ്കർഷിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുമാത്രമായിരിക്കും പരീക്ഷകൾ നടത്തുകയെന്നും സർവകലാശാല പത്രക്കുറിപ്പിൽ അറിയിച്ചു.

### പരീക്ഷാഫലം പ്രസിദ്ധീകരിച്ചു

2019 ജൂലൈ മാസം നടന്ന രണ്ടാം സെമസ്റ്റർ എം. എ. മലയാളം ലാംഗേ്വജ് & ലിററേച്ചർ, എം.എസ്.സി. സൂവോളജി (റെഗുലർ, സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രപ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾക്ക് സർവകലാശാല

വെബ്സൈറ്റ് സന്ദർശിക്കുക. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി മെയ് 18.

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം.**
**24.04.2020**

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**